അഭിമുഖം

അബ്ദുല്‍ ഹമീദ് ബില്‍ചി

# തുര്‍ക്കി കൂടുതല്‍ ഉയരങ്ങളിലേക്ക്

## മേഖലയിലും സാര്‍വദേശീയതലത്തിലും തുര്‍ക്കിയുടെ സ്ഥാനം പുനര്‍ദൃഢീകരിക്കപ്പെടുന്നു

**റജബ് ത്വയ്യിബ് ഉര്‍ദുഗാന്‍ നയിക്കുന്ന ജസ്റ്റിസ് ആന്റ് ഡവലപ്‌മെന്റ് പാര്‍ട്ടി(എ.കെ പാര്‍ട്ടി)യുടെ അധികാരലബ്ധിയോടെ തുര്‍ക്കി വിപ്ലവകരമായ പരിവര്‍ത്തനങ്ങളുടെ വേദിയായി. രാഷ്ട്രീയ, സാമ്പത്തിക, സാംസ്‌കാരിക, സാമൂഹിക മണ്ഡലങ്ങളില്‍ പരിമിതമല്ല ഈ യുഗസംക്രമണം. വിദേശനയ രൂപവത്കരണം, അയല്‍പക്ക ബന്ധങ്ങളിലെ ഊഷ്മളമായ പരിപോഷണം, സംഘര്‍ഷ പരിഹാര നീക്കങ്ങള്‍ തുടങ്ങിയ നിരവധി നിര്‍ണായക രംഗങ്ങളില്‍ ഈ മാറ്റത്തിന്റെ പ്രതിഫലനങ്ങള്‍ തിരയടിക്കുന്നു. സാര്‍വദേശീയ അരങ്ങില്‍ കൂടുതല്‍ പ്രബലത നേടാന്‍ കഴിഞ്ഞതിലൂടെ വിവിധ അന്താരാഷ്ട്ര പ്രശ്‌നങ്ങളില്‍ തുര്‍ക്കിക്ക് നിഷ്പക്ഷതയോടെ ഇടനില വഹിക്കാന്‍ കഴിയുന്നു. സാര്‍വദേശീയ ദൗത്യങ്ങള്‍ ധീരമായി ഏറ്റെടുക്കാന്‍ തുര്‍ക്കിയെ പ്രാപ്തമാക്കിയ ഘടകങ്ങള്‍ എന്തെല്ലാമെന്ന് തുര്‍ക്കിയിലെ പ്രഗത്ഭ കോളമിസ്റ്റും രാഷ്ട്രീയ വിശകലന വിദഗ്ധനുമായ അബ്ദുല്‍ ഹമീദ് ബില്‍ചി (Abdul hemit Billci) വിശദീകരിക്കുന്നു. *ഇസ്‌ലാം ഓണ്‍ലൈനി*ലെ ഹാനി റമദാന്‍ അനുവദിച്ച അഭിമുഖത്തില്‍നിന്ന്.**


■ *മേഖലാശക്തിയെന്ന നിലയില്‍ തുര്‍ക്കി കൈവരിച്ചുകൊണ്ടിരിക്കുന്ന പുതിയ മേധാവിത്വ സ്ഥാനത്തെ താങ്കള്‍ എങ്ങനെ വിലയിരുത്തുന്നു? തുര്‍ക്കിയുടെ ഈ പുത്തന്‍ റോള്‍ ഏതുതരം സന്ദേശമാണ് ലോകത്തിന് നല്‍കുന്നത്?*


മേഖലാതലത്തില്‍ മാത്രമല്ല സാര്‍വദേശീയ തലത്തില്‍തന്നെ തുര്‍ക്കിയുടെ സ്ഥാന പദവികള്‍ വര്‍ധിച്ചുവരുന്നു എന്നത് സംശയരഹിതമായ യാഥാര്‍ഥ്യമാണ്. ചില ഉദാഹരണങ്ങള്‍ പറയാം. അന്താരാഷ്ട്ര രംഗത്ത് സിറിയ തികച്ചും ഒറ്റപ്പെട്ടിരുന്നു. ആ ഒറ്റപ്പെടലില്‍നിന്ന് സിറിയയെ മോചിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര സമൂഹവുമായി വീണ്ടും അവരെ ബന്ധിപ്പിക്കാന്‍ തുര്‍ക്കിയുടെ നിതാന്ത ശ്രമങ്ങള്‍ വഴിയൊരുക്കുകയുണ്ടായി. ഇറാഖിലെ വിഭാഗീയ ആക്രമണങ്ങള്‍ക്ക് വലിയൊരളവോളം കടിഞ്ഞാണിടാന്‍ തുര്‍ക്കിക്കു സാധിച്ചു. ഫലസ്ത്വീനില്‍ ഇരു ചേരികളായി തലതല്ലിയ ഹമാസ്-ഫതഹ് വിഭാഗങ്ങള്‍ക്കിടയില്‍ അനുരഞ്ജനമുണ്ടാക്കാന്‍ ശ്ലാഘനീയ ശ്രമങ്ങളാണ് തുര്‍ക്കി കാഴ്ചവെച്ചത്. പാക്-അഫ്ഗാന്‍ വൈരം പരിഹരിക്കുന്നതിലും തുര്‍ക്കി നിര്‍ണായക പങ്കുവഹിച്ചു.

ഇതര രാജ്യങ്ങളോട് താരതമ്യം ചെയ്യാനാകാത്തവിധം അനവധി സവിശേഷതകള്‍ സ്വന്തമായുള്ള രാജ്യമാണ് തുര്‍ക്കി. ഒരേ സമയം പാശ്ചാത്യവും ഏഷ്യനുമായ സ്വഭാവ സവിശേഷതകള്‍ ഈ രാജ്യത്തിനുണ്ട്. ജനസംഖ്യയില്‍ ഭൂരിപക്ഷവും മുസ്‌ലിംകള്‍. അതേസമയം മതേതരത്വ വ്യവസ്ഥയാണ് രാജ്യത്ത് പുലരുന്നത്. ഒരേസമയം മുസ്‌ലിം രാജ്യങ്ങളുമായും പാശ്ചാത്യ രാജ്യങ്ങളുമായും ഉറ്റബന്ധം നിലനിര്‍ത്താന്‍ സാധിക്കുന്ന അപൂര്‍വ രാജ്യം കൂടിയാണിത്. ഇത്തരം സവിശേഷത മൂലം മേഖലാ തലത്തിലും സാര്‍വ

ദേശീയ രംഗത്തും നിർണായകവും ഫലപ്രദവുമായ ഭാഗം നിറവേറ്റാൻ തുർക്കിക്ക് സാധിക്കുന്നു. സമീപകാലത്ത് തുർക്കി അധികൃതർ സ്വീകരിച്ച നിർമാണാത്മക വിദേശനയവും തുർക്കി സിവിൽ സമൂഹം പ്രദർശിപ്പിക്കുന്ന കരുത്തുമെല്ലാം ഇതിന്റെ നിദർശനങ്ങൾ തന്നെ.

തുർക്കിയുടെ പുതിയ റോൾ മേഖലക്കും, ലോകത്തിന് ഒന്നടങ്കവും ഉപകരിക്കുന്ന രചനാത്മക ദൗത്യനിർവഹണമായി ഭവിക്കുന്നു എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഇതിനു പകരമായി ആഭ്യന്തരരംഗത്ത് തുർക്കി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് ലോകത്തിന്റെ സഹായം തിരിച്ച് തുർക്കിക്ക് ലഭ്യമാകുമെന്നും ഞാൻ കരുതുന്നു.


**ഉർദുഗാൻ**


**അബ്ദുല്ല ഗുൽ**


> **തുർക്കിയുടെ പുതിയ റോൾ മേഖലക്കും, ലോകത്തിന് ഒന്നടങ്കവും ഉപകരിക്കുന്ന രചനാത്മക ദൗത്യനിർവഹണമായി ഭവിക്കുന്നു എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഇതിനു പകരമായി ആഭ്യന്തരരംഗത്ത് തുർക്കി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് ലോകത്തിന്റെ സഹായം തിരിച്ച് തുർക്കിക്ക് ലഭ്യമാകുമെന്നും ഞാൻ കരുതുന്നു.**


■ *അന്താരാഷ്ട്രരംഗത്തും മേഖലയിലും സ്വാധീനം ചെലുത്താൻ ഒരു രാഷ്ട്രമെന്ന നിലയിൽ തുർക്കിയെ യോഗ്യമാക്കുന്ന ഘടകങ്ങൾ വിശദീകരിക്കാമോ?*

ഭൂമിശാസ്ത്രപരമായ കിടപ്പ്, സംസ്കാരം, ചരിത്രം എന്നിവയൊക്കെ തുർക്കിയുടെ നേതൃപദവിയെ സമ്പന്നമാക്കുന്ന ഘടകങ്ങളാണ്. ഒരേസമയം നാറ്റോ സൈനിക സമിതിയിലും മുസ്‌ലിം രാഷ്ട്ര സംഘടനയിലും (ഒ.ഐ.സി) തുർക്കിക്ക് അംഗത്വമുണ്ട്. രക്ഷാസമിതി അംഗത്വമുള്ള ഈ രാജ്യം യു.എൻ സാംസ്കാരിക മുന്നണിയിൽ (UN Alliance of Civilizations) സഹാധ്യക്ഷ പദവിയും അലങ്കരിക്കുന്നു. യൂറോപ്യൻ യൂനിയനിൽ അംഗത്വം നേടാനുള്ള അതിന്റെ ശ്രമങ്ങൾ പല കടമ്പകളും താണ്ടി ലക്ഷ്യത്തോട് അടുക്കുന്നു. കൂടാതെ അറബ് ലീഗിൽ രാജ്യത്തിനു നിരീക്ഷക പദവിയുണ്ട്. ആഫ്രിക്കൻ യൂനിയൻ തന്ത്രപരമായ പങ്കാളിയായി തുർക്കിയെ പ്രഖ്യാപിച്ചുകഴിഞ്ഞു. സാർവദേശീയ വേദികളിലെ ഇത്തരം അംഗത്വങ്ങൾ രാജ്യത്തിന്റെ യോഗ്യതക്കു കൂടിയുള്ള അംഗീകാരമാണ്.

സാമ്പത്തിക മേഖലയെ ഊർജസ്വലമാക്കുന്നതിലും രാഷ്ട്രീയ മണ്ഡലത്തെ ജനാധിപത്യവത്കരിക്കുന്നതിലും നടത്തിയ ചുവടുവെപ്പുകൾ തുർക്കിയെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. അയൽരാജ്യങ്ങളുമായും ഇതര ലോകരാജ്യങ്ങളുമായും നല്ല ബന്ധം സൂക്ഷിക്കാൻ കഴിയുന്നത് തുർക്കിയുടെ യോഗ്യതയിലേക്കുള്ള മറ്റൊരു ചൂണ്ടുപലകയാണ്.

■ *പശ്ചിമേഷ്യയിലെ പരമ്പരാഗത ശക്തികളുടെ സ്ഥാനം കൈയടക്കാനാണ് തുർക്കി ശ്രമിക്കുന്നതെന്ന വിമർശനമുണ്ടല്ലോ? ഇതേക്കുറിച്ച് എന്താണഭിപ്രായം?*

അത്തരമൊരു ആരോപണം ശരിയല്ല. മേഖലയിലെ ഏതെങ്കിലും രാജ്യത്തിന്റെ പദവിയോ കോയ്മയോ കവർന്നെടുക്കാൻ തുർക്കിയുടെ സമകാലിക നേതാക്കൾ ഒരു ശ്രമവും നടത്തുന്നില്ല. ഏതെങ്കിലും നേതാവിന്റെ കോയ്മ അവസാനിപ്പിക്കാനോ ധ്രുവീകരണം സൃഷ്ടിക്കാനോ അല്ല തുർക്കിയുടെ നീക്കങ്ങൾ. പരസ്പര ബന്ധത്തിന്റെ പാലങ്ങൾ പടുത്തുയർത്തുക എന്ന ദൗത്യമാണ് ഞങ്ങൾ പൂർത്തീകരിക്കുന്നത്.

ഇറാഖിലെ സുന്നീ-ശീഈ വിഭാഗീയ സംഘർഷം പരിഹരിക്കുന്നതിന് രംഗത്തുവന്ന സന്ദർഭത്തിൽ വിഭാഗീയതയുടെ ആഘാതങ്ങളെ സംബന്ധിച്ച് തുർക്കി ഇറാനെയും സുഊദി അറേബ്യയെയും ശരിക്കും ബോധ്യപ്പെടുത്തുകയുണ്ടായി. വിഭാഗീയത മേഖലയെ ക്ഷയിപ്പിക്കുമെന്നും ഇറാഖിലെ പുതിയ വ്യവസ്ഥയുമായി ഉദ്ഗ്രഥനത്തിൽ സുന്നീ വിഭാഗം തയാറാകണമെന്നും ഞങ്ങൾ ചൂണ്ടിക്കാട്ടി. ഫതഹ്-ഹമാസ് വൈരം, ഇസ്രയേൽ-സിറിയ തർക്കം, പാക് -അഫ്ഗാൻ പിണക്കങ്ങൾ എന്നിവ പരിഹരിക്കുന്നതിൽ ഇടനില വഹിച്ചപ്പോൾ നിഷ്പക്ഷ സമീപനമാണ് തുർക്കി ഉയർത്തിപ്പിടിച്ചത്. മേഖലയിൽ സമാധാനവും സ്ഥിരതയും സ്ഥാപിക്കുക എന്ന ഉത്തമ ലക്ഷ്യമായിരുന്നു മേൽപറഞ്ഞ സംഘർഷങ്ങളുടെ പരിഹാരത്തിനായി ഇടപെടുമ്പോൾ രാജ്യത്തിനുണ്ടായിരുന്നത്. തുർക്കിയുടെ ആത്മാർഥപൂർണവും ഋജുവുമായ നിലപാട് മേഖലയിലെ എല്ലാ രാഷ്ട്രങ്ങളും ശരിയായവിധം മനസ്സിലാക്കി എന്നാണ് എന്റെ വിശ്വാസം.

ഈ സന്ദർഭത്തിൽ ഒരു സംഭവം ഓർമയിലേക്ക് കടന്നുവരുന്നു. അമേരിക്കയുടെ ഇറാഖ് അധിനിവേശത്തിന് മാസങ്ങൾക്കു മുമ്പാണത്. അധിനിവേശം ഒഴിവാക്കാനുള്ള മാർഗങ്ങൾ ആരായുന്നതിന് ഇറാഖിനെയും അയൽരാജ്യങ്ങളെയും പങ്കെടുപ്പിച്ച് ഒരു സമ്മേളനം വിളിക്കാൻ തുർക്കി രംഗത്തുവന്നു. നിർണായകമായ ആ ഘട്ടത്തിൽ പോലും ചില രാജ്യങ്ങൾ തുർക്കിക്കെതിരെ നെറ്റിചുളിച്ചു. പഴയകാല മേധാവിത്വം തിരിച്ചുപിടിക്കാനുള്ള സൂത്രവിദ്യ പയറ്റുകയാണോ തുർക്കി എന്നായിരുന്നു അവരുടെ ശങ്ക. അത്തരമൊരു സമ്മേളനം എന്തുകൊണ്ട് തുർക്കി നഗരമായ ഇസ്തംബൂളിലല്ലാതെ മറ്റൊരു രാജ്യത്ത് വിളിച്ചു ചേർക്കാനുള്ള സാധ്യതപോലും ഇക്കൂട്ടർ ആരായുകയുണ്ടായി. പ്രശ്നം കീറാമുട്ടിയായി കലാശിച്ചതു കണ്ടപ്പോൾ അന്നത്തെ തുർക്കി പ്രധാനമന്ത്രി അബ്ദുല്ല ഗുൽ തന്റെ നിലപാട് വെട്ടിത്തുറന്ന് പ്രഖ്യാപിച്ചു. തുർക്കിയുടെ മാനാഭിമാന സംരക്ഷണമോ പ്രതാപ പുനരുജ്ജീവനമോ ഇതിനു പിന്നിലെ ലക്ഷ്യമേ അല്ലെന്നും ഇറാഖിന്റെ ഭാഗധേയത്തിന്റെ കടക്കൽ കത്തിവീഴുന്ന അതീവ ഗുരുതരമായ പ്രതിസന്ധിയാണ് സമ്മേളനം വിളിച്ചുചേർക്കാൻ തങ്ങളെ പ്രേരിപ്പിച്ചതെന്നും ഗുൽ സ്പഷ്ടമാക്കിയതോടെയാണ് ആ രാജ്യങ്ങൾക്ക് വെളിവുണ്ടായത്. വൈകിപ്പോയെങ്കിലും അത്തരമൊരു സമ്മേളനം യാഥാർഥ്യമാക്കാൻ തുർക്കിയുടെ ആർജവ നിലപാടിലൂ

ടെ സാധിച്ചു. ഒരു പതിറ്റാണ്ടിനിടയിൽ അത്തരമൊരു മേഖലാ സമ്മേളനം യാഥാർഥ്യമാകുന്നത് അന്നാദ്യമായിട്ടായിരുന്നു.

■ *തുർക്കിയുടെ സ്വാധീനം വർധിക്കാൻ പ്രധാനമായും കാരണമായത് ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് പാർട്ടിയും (എ.കെ) ആ കക്ഷി നയിക്കുന്ന സർക്കാറിന്റെ സക്രിയ വിദേശനയവുമാണെന്ന് പറയാമോ?*

തീർച്ചയായും അതേ. തുർക്കിയുടെ കാലിക പരിവർത്തനത്തിൽ എ.കെ പാർട്ടിയും അവരുടെ ഉശിരൻ വിദേശനയവും മർമപ്രധാന പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. തുർക്കിയിലെ പുതിയ ഭരണകൂടത്തിന്റെ നിർമാണാത്മക നയതന്ത്രം പഴയ വിദേശനയത്തെ അടിമുടി ഉടച്ചുവാർക്കാൻ സഹായകമായി. തുർക്കിയെപ്പോലൊരു രാജ്യത്തിന് ഏകതല സ്പർശിയായ പഴയകാല വിദേശനയ സമീപനവുമായി മുന്നേറാനാകില്ലെന്ന യാഥാർഥ്യം എ.കെ പാർട്ടി നേതാക്കൾ ഉൾക്കൊള്ളുകയുണ്ടായി. പാശ്ചാത്യോന്മുഖതയായിരുന്നു പഴയകാലത്ത് തുർക്കിയുടെ വിദേശനയത്തിന്റെ മുഖമുദ്ര. എന്നാൽ ബഹുതല സ്പർശിയായ രീതി സ്വീകരിച്ചുകൊണ്ട് തുർക്കിയുടെ പുതിയ നേതൃത്വം വിദേശനയത്തെ പുനർനിർവചിച്ചു. പാശ്ചാത്യ ബന്ധം ഉപേക്ഷിക്കാതെതന്നെ അവർ പൗരസ്ത്യ രാജ്യങ്ങളുമായും മിഡിലീസ്റ്റ്-ആഫ്രിക്കൻ രാജ്യങ്ങളുമായും സമ്പർക്കം ആരംഭിച്ചു.

അയൽരാജ്യങ്ങളുമായി നല്ല ബന്ധം നിലനിൽക്കേണ്ടതിന്റെ പ്രാധാന്യത്തെ അവർ മുഖവിലക്കെടുത്തു. എ.കെ പാർട്ടിയുടെ ഇത്തരം നയപരമായ പരിഷ്കാരണങ്ങൾ ആഭ്യന്തര രംഗത്ത് മാത്രമല്ല വരവേൽക്കപ്പെട്ടത്. അയൽരാജ്യങ്ങളും ലോകമെമ്പാടുമുള്ള നിരവധി രാജ്യങ്ങളും ഈ പുതുസമീപനത്തിന് സ്വാഗതമോതി. എന്നാൽ ഈ പരിഷ്കാരങ്ങളുടെ ക്രെഡിറ്റ് മൊത്തമായി എ.കെ പാർട്ടിക്ക് അവകാശപ്പെട്ടതാണെന്ന വിധിയെഴുത്ത് ശരിയാകില്ല.

■ *പരിവർത്തനത്തിന്റെ ക്രെഡിറ്റ് അർഹിക്കുന്ന മറ്റു വിഭാഗങ്ങൾ ഉണ്ടെങ്കിൽ അവർ ആരെല്ലാം?*

തുർക്കിയുടെ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിലെങ്ങും പരിഷ്കരണേഛയുടെ ഒരന്തരീക്ഷം സംജാതമായിരുന്നു. അത്തരമൊരു സാഹചര്യമാണ് എ.കെ പാർട്ടിയുടെ പിറവിക്ക് വരെ വഴിയൊരുക്കിയത്. ഒരു ഉദാഹരണം പറയാം. യൂറോപ്യൻ യൂനിയനിലെ അംഗത്വലബ്ധിക്ക് എ.കെ പാർട്ടി സർക്കാർ പ്രാഥമ്യം നൽകിക്കൊണ്ടിരിക്കുന്നു. വാസ്തവത്തിൽ എ.കെ പാർട്ടിയുടെ മാത്രമായ നയമല്ല അത്. തുർക്കിക്ക് യൂറോപ്യൻ യൂനിയനിൽ അംഗത്വം ലഭിക്കണമെന്ന് ജനങ്ങളിൽ 70 ശതമാനം പേരും അഭിലഷിക്കുന്നുണ്ട്. മറ്റൊരു ഉദാഹരണം. 2005നെ എ.കെ പാർട്ടി ആഫ്രിക്കാ ബന്ധ വർഷമായി പ്രഖ്യാപിക്കുകയുണ്ടായി. ആഫ്രിക്കൻ രാജ്യങ്ങളിൽ നിക്ഷേപമിറക്കാൻ എ.കെ പാർട്ടി അധികാരത്തിലേറും മുമ്പേ തന്നെ വ്യാപാരി സമൂഹം താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി. നമ്മുടെ വിശകലനം സന്തുലിതമായിരിക്കണം എന്ന് ചൂണ്ടിക്കാണിക്കാനാണ് ഈ ഉദാഹരണങ്ങൾ. അഥവാ രാഷ്ട്രീയ മുന്നേറ്റം സഫലമാകണമെങ്കിൽ അതിനനുയോജ്യമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങൾ കൂടി അനുപേക്ഷണീയമാണെന്നു സാരം.

■ *ഈയിടെ പുതിയ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ തുർക്കി സന്ദർശിക്കാൻ എത്തിയിരുന്നല്ലോ? മുസ്‌ലിം രാഷ്ട്രങ്ങളിൽ പ്രഥമ സന്ദർശനത്തിന് എന്തുകൊണ്ടാകാം അദ്ദേഹം തുർക്കിയെ തെരഞ്ഞെടുത്തത്?*

മുസ്‌ലിം ജനസംഖ്യ വൻഭൂരിപക്ഷമാണ് തുർക്കിയിൽ. അതേ സമയം അതൊരു മതേതര ജനാധിപത്യ രാജ്യവുമാണ്. ഇതര മുസ്‌ലിം നാടുകൾക്ക് മികച്ച മാതൃകയാണ് തുർക്കിയെന്നാണ് പാശ്ചാത്യ രാജ്യങ്ങളുടെ കാഴ്ചപ്പാട്. അത് ശരിയോ തെറ്റോ എന്ന കാര്യത്തിൽ നമുക്ക് ചർച്ചയാകാം. തുർക്കിയുടെ ഈ സവിശേഷതയും ഞാൻ നേരത്തേ ചൂണ്ടിക്കാട്ടിയ മറ്റു പ്രത്യേകതകളുമാണ് തുർക്കിയെ സന്ദർശനത്തിന് തെരഞ്ഞെടുക്കാൻ ഒബാമയെ പ്രേരിപ്പിച്ച ഘടകങ്ങൾ.

ഒബാമയുടെ സന്ദർശനം മറ്റു ചില സന്ദേശങ്ങൾ കൂടി നൽകുന്നുണ്ട്. തുർക്കിയുടെ യൂറോപ്യൻ യൂനിയൻ അംഗത്വ ശ്രമത്തിന് വിഘാതം സൃഷ്ടിക്കുന്ന പാശ്ചാത്യ രാജ്യങ്ങൾക്കുള്ള മുന്നറിയിപ്പാണത്.

ജോർജ് ബുഷ് ഏൽപിച്ച ആഘാതങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ഒബാമയുടെ ചുവടുവെപ്പുകൾ ശുഭപ്രതീക്ഷയുണർത്തുന്നു. തുർക്കിയുടെ വിദേശനയത്തിലെ പുതിയ സക്രിയത തന്റെ പുതു വിദേശനയവുമായി പൊരുത്തപ്പെട്ടതായി ഒബാമ കരുതുന്നുണ്ടാകണം. തുർക്കിയുടെ സഹകരണം തേടുന്നതിൽ അദ്ദേഹം ഉത്സുകനാകുമെന്ന് കരുതുന്നു.

■ *ഉത്തര അറ്റ്‌ലാന്റിക് സഖ്യ സംഘടന (നാറ്റോ)യിലെ ഏക മുസ്‌ലിം അംഗരാജ്യമാണ് തുർക്കി. ഒബാമയുടെ പുതിയ അഫ്ഗാൻ നയത്തിന്റെ ഭാഗമായാണോ നാറ്റോ അംഗരാജ്യത്തേക്കുള്ള ഈ സന്ദർശനം?*

നിരവധി കാരണങ്ങളിൽ അതിനെയും ഒന്നായി എണ്ണാം. അഫ്ഗാനിലേക്ക് കൂടുതൽ തുർക്കി സേനയെ ആവശ്യപ്പെടുക എന്ന ലക്ഷ്യം മാത്രമായി ഈ സന്ദർശനത്തെ ന്യൂനീകരിക്കേണ്ടതില്ല. സൈനികരംഗത്തെ അനുഭവസമ്പത്ത് തുർക്കിക്ക് പങ്കുവെക്കാനുമാകും.

അഫ്ഗാനിൽ ആവർത്തിച്ചുവരുന്ന പാശ്ചാത്യ നയം പരാജയമാണെന്ന് കൂടുതൽ സ്പഷ്ടമായി കഴിഞ്ഞു. വിദേശനയം അതേപടി ഇനിയും തുടരുന്നത് യുക്തിസഹമല്ല. തുർക്കിയിൽ നിന്നോ യൂറോപിൽനിന്നോ കൂടുതൽ പട്ടാളക്കാരെ അഫ്ഗാനിൽ നിയോഗിക്കുന്നത് കൊണ്ട് പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ലെന്നാണ് യാഥാർഥ്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്.

അഫ്ഗാൻ പ്രതിസന്ധി പുനരവലോകനം ചെയ്യുകയാണ് ഒന്നാമതായി വേണ്ടത്. പരിഹാര മാർഗങ്ങൾ തേടേണ്ടതും പുതിയ കാഴ്ചപ്പാടും സമീപനവും സ്വീകരിച്ചുകൊണ്ടാകണം. ഇവിടെയാണ് തുർക്കിയുടെ പ്രാപ്തി പ്രസക്തമാകുന്നത്. അഫ്ഗാനിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ തുർക്കിക്ക് വിശ്വാ

**തുർക്കിയുടെ കാലിക പരിവർത്തനത്തിൽ എ.കെ പാർട്ടിയും അവരുടെ ഉശിരൻ വിദേശനയവും മർമപ്രധാന പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. തുർക്കിയിലെ പുതിയ ഭരണകൂടത്തിന്റെ നിർമാണാത്മക നയതന്ത്രം പഴയ വിദേശനയത്തെ അടിമുടി ഉടച്ചുവാർക്കാൻ സഹായകമായി.**

സ്യതയുണ്ട്. കൂടാതെ പാകിസ്താന്റെ വിശ്വാസ്യത ആർജിക്കാനും തുർക്കിക്ക് സാധിക്കുന്നു. അഫ്ഗാൻ പ്രതിസന്ധി പരിഹരിക്കുന്നതിൽ പാകിസ്താനുള്ള നിർണായക സ്ഥാനം അവഗണിക്കാനാവില്ല.

■ *പാശ്ചാത്യരും മുസ്‌ലിംലോകവും തമ്മിൽ നിലനിൽക്കുന്ന സാംസ്കാരിക വിടവ് നികത്താൻ തുർക്കിക്ക് എത്രത്തോളം സാധ്യമാകും? സെപ്റ്റംബർ 11 സംഭവം, അഫ്ഗാൻ-ഇറാഖ് അധിനിവേശങ്ങൾ എന്നിവക്ക് ശേഷം തിടംവെച്ച വിദ്വേഷാന്തരീക്ഷം ലഘൂകരിക്കാനും തുർക്കിക്കു കഴിയുമോ?*

സമാധാനദൗത്യങ്ങളോ രാഷ്ട്രീയ പ്രശ്നപരിഹാര സാധ്യതകളോ ഏറ്റെടുക്കുമ്പോൾ തുർക്കി സ്വന്തം സ്വത്വം കൈവെടിയാറില്ല. ഒരു പക്ഷത്തേക്കും പ്രത്യേക ചായ്‌വ് പ്രകടിപ്പിക്കാതെ മുസ്‌ലിം ലോകത്തിനും പാശ്ചാത്യർക്കുമിടയിൽ ഇരിപ്പിടമുറപ്പിക്കാനാകുന്നു എന്ന സവിശേഷതയാണ് ഞങ്ങളുടെ ദൗത്യങ്ങളെ വിജയിപ്പിക്കുന്നത്. നിരവധി പാശ്ചാത്യ ഫോറങ്ങളിൽ തുർക്കിക്ക് അംഗത്വമുണ്ട്. ഇറാഖ് യുദ്ധവുമായി ബന്ധപ്പെട്ടും പ്രവാചകനെ അപഹസിക്കുന്ന കാർട്ടൂൺ സൃഷ്ടിച്ച കോളിളക്കം പരിഹരിക്കുന്നതിലും ഇരുപക്ഷത്തിനും സ്വീകാര്യമായ റോളിൽ രംഗത്തുവരാൻ കഴിഞ്ഞത് ശ്രദ്ധിക്കുക. സാർവദേശീയ ദൗത്യങ്ങൾ നിറവേറ്റാൻ ഈ സന്തുലിത നിലപാട് നിലനിർത്തണമെന്നു തന്നെയാണ് എന്റെ പക്ഷം. അഥവാ പാശ്ചാത്യ ബന്ധവും പൗരസ്ത്യബന്ധവും ഒരുമിച്ച് നിലനിർത്തേണ്ടതുണ്ട്. അതൊരു ഭാരമാകില്ലെന്ന് ഞാൻ കരുതുന്നു.

■ *തുർക്കി ഭാവിയിൽ ഒരു ലോകശക്തിയായി മാറുമെന്ന് താങ്കൾ പ്രതീക്ഷിക്കുന്നുണ്ടോ? അത്തരമൊരു കോയ്മയായി ഉയരുന്നതിനു മുമ്പിൽ രാഷ്ട്രം വല്ല പ്രതിബന്ധങ്ങളും അഭിമുഖീകരിക്കുന്നുണ്ടോ?*

തുർക്കി ഇപ്പോൾതന്നെ ഒരു പ്രബല ശക്തിയാണ്. ഭൂമിശാസ്ത്രപരമായ അതിന്റെ സവിശേഷ സ്ഥാനം, സമ്പന്നമായ നാഗരികത, ചരിത്ര പൈതൃകം, തുർക്കിയുടെ തുറന്ന നിലപാട്, സമൂഹത്തിന്റെ ചലനാത്മകത, സാമ്പത്തികരംഗത്തെ ഉണർവ് തുടങ്ങിയ ഘടകങ്ങളെല്ലാം സാർവദേശീയ അരങ്ങിലെ പ്രധാന ഭാഗം അഭിനയിക്കാൻ രാജ്യത്തിന് സഹായകമാകുന്നുണ്ട്.

ഇത്തരം പുരോഗമനാത്മകമായ ഉത്തേജക ഘടകങ്ങൾക്കിടയിലും രാജ്യം ചില ആഭ്യന്തര വെല്ലുവിളികൾ നേരിടുന്നുണ്ട്. വിഭാഗീയവും വംശീയവും പ്രത്യയശാസ്ത്രപരവുമായ പ്രശ്നങ്ങളാണവ. ഭരണകക്ഷിയായ എ.കെ പാർട്ടിക്കു നേരെ ഉയരുന്ന വെല്ലുവിളിയാണ് അതിൽ പ്രധാനം. കഴിഞ്ഞ ഏഴു വർഷമായി ആഭ്യന്തര സംവിധാനങ്ങൾ കാര്യക്ഷമമാക്കുകയും വിദേശനയം സക്രിയമാക്കുകയും ചെയ്ത് എ.കെ പാർട്ടി മാറ്റങ്ങളുടെ രാസത്വരകമായി മാറിയിട്ടുണ്ട്. പക്ഷേ രാജ്യത്തിന്റെ മതേതര സ്വഭാവത്തിന് ഹാനികരമായ നീക്കങ്ങൾക്ക് ശ്രമിക്കുന്നു എന്ന ആരോപണമുയർത്തി പാർട്ടിയെ നിരോധിക്കാനുള്ള ജുഡീഷ്യൽ -സൈനിക സൂത്രവിദ്യകൾ നിർബാധം തുടരുകയാണ്. ഭരണകൂടത്തെ അട്ടിമറിക്കാൻ മാത്രമല്ല, ത്വയ്യിബ് റജബ് ഉർദുഗാനെ വകവരുത്താൻ പോലും ഗൂഢാലോചനകൾ അരങ്ങേറുന്നു. രാജ്യത്തെ മതേതരം, ഇസ്‌ലാമികം എന്നീ കള്ളികളിലാക്കി ധ്രുവീകരിക്കാനുള്ള അണിയറ ശ്രമങ്ങളും വെല്ലുവിളിയായി ഉണ്ട്. കുർദു വിഘടനവാദികളുടെ കലാപശ്രമങ്ങളാണ് മറ്റൊരു പ്രധാന വെല്ലുവിളി. ഈ ചരിത്ര സന്ധിയിലും ഇത്തരം ആഭ്യന്തര അലോസരങ്ങളെ രാജ്യം അതിജീവിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സ്വന്തം മണ്ണിലും അപര ദേശങ്ങളിലും സമാധാനവും ഭദ്രതയും സ്ഥാപിക്കാനുതകുന്ന അതിന്റെ പരിശ്രമങ്ങൾ ഫലപ്രദമാകുമെന്നും വിശ്വസിക്കുന്നു. ■

**വിവ: വി.പി.എ അസീസ്**